(ബി) 4487 അപേക്ഷകർക്ക്.

(സി) സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്.

വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിക്കാൻ നടപടി

7 [1996] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ കുടിവെള്ള പദ്ധതിയായ രാജീവ്ഗാന്ധി മിഷൻ കുടിവെള്ള പദ്ധതി, സ്വജൽധാര പദ്ധതി, എന്നിവയ്ക്ക് ഇപ്പോൾ ഈടാക്കി വരുന്ന വൈദ്യുതി ചാർജ്ജ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ കുടിവെള്ള പദ്ധതി എന്ന നിലയിൽ പ്രസ്തുത പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണാടിസ്ഥാനത്തിലുള്ള ഇത്തരം ജലവിതരണ പദ്ധതികൾക്ക് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷന്റെ അനുമതിയോടുകൂടി നിലവിലുള്ള കുറഞ്ഞ ഗാർഹിക നിരക്കുകളിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. പദ്ധതിയുടെ നടത്തിപ്പിനു ആവശ്യമായി വരുന്ന മൊത്തം വൈദ്യുതി ഉപഭോഗത്തിൽ ഗുണഭോക്താക്കളുടെ എണ്ണത്തിനു ആനുപാതികമായുള്ള ശരാശരി ഉപഭോഗം എത്രയെന്ന് തിട്ടപ്പെടുത്തി പ്രസ്തുത ശരാശരി ഉപഭോഗത്തിനു ബാധകമായിട്ടുള്ള ഗാർഹിക നിരക്കുകൾ അടിസ്ഥാനമാക്കിക്കൊണ്ടുള്ള രീതിയാണ് ഇക്കാര്യത്തിൽ അവലംബിച്ചിട്ടുള്ളത്.

(ബി) പരമാവധി ഇളവുകൾ അനുവദിച്ചുകൊണ്ടാണ് ഇപ്പോൾ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

സംസ്ഥാനം വാങ്ങുന്ന വൈദ്യുതിയുടെ വില

8 [1997] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ എവിടെ നിന്നെല്ലാം വൈദ്യുതി വാങ്ങിക്കുന്നു എന്നും ഈ വൈദ്യുതിയുടെ വില എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ വൈദ്യുതിയുടെ വിൽപ്പന വില എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി വാങ്ങുന്നതിന്റെ വിശദാംശങ്ങൾ:

സ്രോതസ്	ശരാശരി വില (രൂപ/യൂണിറ്റ്)
(1)	(2)
എൻ.ടി.പി.സി. രാമഗുണ്ടം	1.40
എൻ.ടി.പി.സി. ഈസ്റ്റേൺ റീജിയൺ	2.12

LIBRARY ARCHIVES Kerala Legislative Assembly